## കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റം / സ്ഥലം മാറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നം: സി 2/4248/2017/കോ.വി.വ തീയതി : 07.07.2018

പരാമർശം :- 1. 06.07.2018 തീയതിയിലെ സി1/541/2018/കോ.വി.വ നമ്പർ ഉത്തരവ്
2. ജൂനിയർ സൂപ്രണ്ടുമാരിൽ നിന്നും ലഭിച്ച അപേക്ഷകൾ

### ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ താഴെപ്പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഒഴിവിന്റെ സ്വഭാവം |
|---|---|---|
| 1 | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം | ശ്രീമതി.എം.മേരി നിർമ്മലയ്ക്ക് സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചതിനാലുണ്ടായ ഒഴിവ് |
| 2. | ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, കൊഴിഞ്ഞാമ്പാറ | ശ്രീമതി.ആർ.മീനാക്ഷി അമ്മാളിന് സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചതിനാലുണ്ടായ ഒഴിവ് |

പരാമർശം (2) പ്രകാരം ലഭിച്ച അപേക്ഷകൾ പരിഗണിച്ച് ചുവടെ പേര് ചേർത്തിട്ടുള്ള ജൂനിയർ സൂപ്രണ്ടുമാരെ അവരുടെ പേരിനെതിരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

സ്ഥലം മാറ്റം

| ക്രമ നമ്പർ | പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.ജൂനറ്റ്.കെ.കെ, ജൂനിയർ സൂപ്രണ്ട്, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം (അപേക്ഷ) | ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, കൊഴിഞ്ഞാമ്പാറ (ശ്രീമതി.ആർ.മീനാക്ഷി അമ്മാളിന് സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചതിനാലുണ്ടായ ഒഴിവ്) |

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ വന്ന ജൂനിയർ സൂപ്രണ്ടുമാരുടെ ഒഴിവിലേയ്ക്ക് 28.05.2016 തീയതിയിലെ സി1/8771/2016/കോ.വി.വ പ്രകാരം ഉത്തരവായ ഹെഡ് അക്കൌണ്ടന്റുമാരുടെ മുൻഗണനാ പട്ടികയനുസരിച്ച് ചുവടെ പേരു ചേർത്തിരിക്കുന്ന

50872

ഹെഡ് അക്കൗണ്ടന്റുമാരെ 30700-65400/-രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

സ്ഥാനക്കയറ്റം

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീമതി,പി.കെ.സീന, ഹെഡ് അക്കൗണ്ടന്റ്, ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി (സീനിയോറിറ്റി ക്രമ നമ്പർ 5 - പ്രൊമോഷൻ റീലിൻക്വിഷ്മെന്റ് കാലാവധി 29.06.2018-ൽ പൂർത്തിയായി) | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം (ശ്രീമതി.എം.മേരി നിർമ്മലയ്ക്ക് സീനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ചതിനാലുണ്ടായ ഒഴിവ്) |
| 2. | ശ്രീ.ഹരികുമാർ.എം, ഹെഡ് അക്കൗണ്ടന്റ്, ഗവൺമെന്റ് കോളേജ്, നെടുമങ്ങാട് (സീനിയോറിറ്റി ക്രമ നമ്പർ 54) | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കൊല്ലം (ശ്രീ.ജൂനറ്റ്.കെ.കെ-യ്ക്കു സ്ഥലം മാറ്റം നൽകിയതിനാലുണ്ടായ ഒഴിവ്) |

ഈ ഉത്തരവ് പ്രകാരം സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള ജീവനക്കാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ നിന്നും 14 ദിവസത്തിനകം വിടുതൽ വാങ്ങി സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഇവർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.collegiateedu.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
സീതാലക്ഷ്മി അമ്മ.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
04712305547
srao.colledn@keral.gov.in

/അംഗീകാരത്തോടെ/

സൂപ്രണ്ട്

28873
പി.ജി:07.07.2018